(ബി) കേന്ദ്ര സർവ്വകലാശാലയുടെ ആസ്ഥാനമായി മാറിയിട്ടുള്ള പെരിയയിൽ ഗസ്റ്റ് ഹൗസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ പെരിയയിൽ ഗസ്റ്റ് ഹൗസിനു പകരം റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ നടത്താൻ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ദേശീയപാത നിർമ്മാണം

299(3224) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ പാതയുടെ അറ്റകുറ്റ പണികൾക്കും, പുനർനിർമ്മാണത്തിനുമായി കേന്ദ്രത്തിൽ നിന്നും എന്ത് തുക ലഭ്യമായെന്ന് വ്യക്തമാക്കാമോ ;

(ബി) ദേശീയപാത നിർമ്മാണത്തിനും വിപുലീകരണത്തിനും അറ്റകുറ്റ പണികൾക്കുമായി എന്ത് തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ ;

(സി) കേന്ദ്രത്തിൽ നിന്ന് ലഭ്യമാകാനുള്ള കുടിശ്ശിക എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ പാതയുടെ അറ്റകുറ്റ പണികൾക്ക വേണ്ടി 55.84 കോടിരൂപയും പുനർനിർമ്മാണത്തിനായി 274.86 കോടി രൂപയും കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്.

(ബി) ദേശീയപാത നിർമ്മാണത്തിന് 329.22 കോടി രൂപയും വിപുലീകരണത്തിനും അറ്റകുറ്റ പണികൾക്കുമായി 133.14 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) കേന്ദ്രസർക്കാരിൽ നിന്നും കുടിശ്ശികയായി 131.66 കോടി രൂപ ലഭിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly